2008
ജൂൺ 16
തിങ്കൾ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 MONDAY JUNE 16 , 2008 JAMA'DUL AKHIR 12, 1429. PAGE 16, ISSUE 3363

# പത്തുദിവസത്തിനിടെ 60,506 പേർ രജിസ്റ്റർ ചെയ്തു; 31,734 ഇന്ത്യക്കാർ

മനാമ: സനാബിസിലെ ബഹ്റൈൻ എക്സിബിഷൻ സെൻററിൽ നടന്നുവരുന്ന എൽ.എം.ആർ.എ ഫെസ്റ്റിവലിൽ പത്തു ദിവസത്തിനിടെ 60,506 വിദേശികൾ രജിസ്റ്റർ ചെയ്തതായി ബന്ധപ്പെട്ടവർ വ്യക്തമാക്കി. ഇതോടെ തൊഴിലാളികളും കുടുംബങ്ങളുമടക്കം രജിസ്റ്റർ ചെയ്തവരുടെ ആകെ എണ്ണം 315687 ആയി. ഈ മാസം അവസാനത്തോടെ 450,000 ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഈ മാസം നാലിനാണ് ഫെസ്റ്റിവൽ ആരംഭിച്ചത്. പ്രതിദിനം 4,000 ലധികം ആളുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഈ മാസം 11 നാണ് ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്തത്-6889 പേർ. ഈ മാസം്ട്ടിന് 6,805 പേരും ഒമ്പതിന് 6,618 പേരുമെത്തി. 31,734 ഇന്ത്യക്കാർ രജിസ്റ്റർ ചെയ്തപ്പോൾ 15,819 ബംഗ്ലാദേശികളാണ് രണ്ടാം സ്ഥാനത്തുള്ളത്. പാക്കിസ്ഥാൻ -4350, ഫിലിപ്പീൻ-2,244, നേപ്പാൾ- 1740, ശ്രീലങ്ക-731, മറ്റുള്ളവർ -3,388 എന്നിങ്ങനെയാണ് രജിസ്റ്റർ ചെയ്തവരുടെ വിവരം.

ഈ മാസം 21 വരെ തുടരുന്ന ഫെസ്റ്റിവലിൽ രാവിലെ 6.30 മുതൽ രാത്രി 10.30 വരെ സേവനം ലഭിക്കും. തിക്കുംതിരക്കും കുറക്കുന്നതിനായി പ്രവേശന കൂപ്പൺ ഏർപ്പെടുത്തിയിട്ടുണ്ട്.

അടുത്ത മാസാദ്യം മുതൽ വിദേശതൊഴിലാളികളുടെ വർക്ക് പെർമിററുമായി ബന്ധപ്പെട്ട മുഴുവൻ ഉത്തരവാദിത്തവും എൽ. എം. ആർ. എക്കായിരിക്കും. കഴിഞ്ഞ ദിവസം ഇത് സംബന്ധിച്ച ഉത്തരവ് തൊഴിൽ മന്ത്രി ഡോ: മജീദ് ബിൻ മുഹ്സിൻ അൽ അലവി എൽ. എം. ആർ. എ അധ്യക്ഷന് അയച്ചു. ഇതനുസരിച്ച് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിന് വേണ്ടിയുള്ള വർക്ക് പെർമിററ് നൽകൽ, പുതുക്കൽ എന്നിവയുടെ ഉത്തരവാദിത്തം എൽ. എം. ആർ. എക്കായിരിക്കും. തങ്ങളുടെ കീഴിലെ തൊഴിലാളികളെ ജോലിയിൽ നിന്ന് ഒഴിവാക്കുമ്പോൾ എൽ. എം. ആർ. എക്ക് മുൻകൂർ നോട്ടീസ് നൽകണമെന്നത് നിർബന്ധമാകും. തൊഴിലാളിയെകുറിച്ചുള്ള വിശദമായ വിവരങ്ങൾ അടങ്ങിയതായിരിക്കണം ഈ നോട്ടീസ്. നിബന്ധനകൾക്ക് വിരുദ്ധമായി തൊഴിലാളികളെ പിരിച്ചുവിടാനോ അവർക്ക് പിരിഞ്ഞ് പോവാനോ സാധിക്കല്ല.

വർക്ക് പെർമിററിന് അപേക്ഷിക്കുന്നവർ താഴെ പറയുന്ന നിബനധനകൾ പാലിക്കണം. അപേക്ഷകന് കെമോഴ്സ്യൽ രജിസ്ട്രേഷനോ (സി.ആർ), തത്തുല്യമായ രേഖയോ ഉണ്ടാവുകയും ഇതിൻെറ വിവരങ്ങൾ എൽ. എം. ആർ. എയിൽ രജിസ്ററർ ചെയ്യുകയും വേണം. വർക്ക് പെർമിററിന് വേണ്ടിയുള്ള മുഴുവൻ ഫീസും തൊഴിലുടമ അടച്ചിരിക്കണം. അപേക്ഷകന് നിലവിൽ തൊഴിലാളിയെ ആവശ്യമുണ്ടെന്ന് എൽ. എം. ആർ. എക്ക് ബോധ്യം വരണം. സ്ഥാപനത്തിൻെറ വ്യാപ്തി, പ്രവൃത്തനം, ബിസിനസ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും ഇത് നിർണയിക്കുക.

എൽ. എം. ആർ. എയുടെ ഒരു നിയമവും ലംഘിക്കാതിരിക്കുക. സി.ആറിലില്ലാത്ത ഇടപാടുകൾ തൊഴിലുടമ നടത്താതിരിക്കുക. എൽ. എം. ആർ. എ ചുമത്തിയ ഏതെങ്കിലും ഫൈൻ ഉണ്ടെങ്കിൽ അത് അടക്കുക. തങ്ങളുടെ കീഴിലെ മുഴുവൻ തൊഴിലാളികളുടെയും ഇൻഷുറൻസ് അടക്കുക. ബഹ്റൈനിലെ തൊഴിൽ നിയമം അപേക്ഷകൻ ലംഘിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുക. നിർദ്ദിഷ്ട തൊഴിലാളിക്ക് ആരോഗ്യ പ്രശ്നങ്ങളോ പകർച്ചവ്യാധികളോ ഇല്ലാതിരിക്കുക. സ്വദേശികൾക്ക് സംവരണം ചെയ്ത തൊഴിലല്ല നൽകുന്നതെന്ന് ഉറപ്പാക്കുക. തൊഴിലാളിക്ക് നിയമാനുസൃതമായി നിർദ്ദിഷ്ട ജോലിക്കാവശ്യമായ യോഗ്യതയുണ്ടായിരിക്കുക. തൊഴിലാളി മുമ്പ് നിയമലംഘനങ്ങളുടെ പേരിൽ നാടുകടത്തപ്പെട്ടവനല്ലാതിരിക്കുക എന്നിവയാണിത്.

നേരിട്ടോ ഇൻറർനെററ് വഴിയോ വർക്ക് പെർമിററിന് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം മതിയായ എല്ലാ രേഖകളും അടക്കം ചെയ്യണം. എൽ. എം. ആർ. എ വിശദമായ അന്വേഷണത്തിന് ശേഷം അർഹരായ അപേക്ഷകർക്ക് മൂന്ന് ദിവസത്തിനകം വർക്ക് പെർമിററ് അനുവദിക്കുന്നതാണ്. വർക്ക് പെർമിററ് അനുവദിക്കപ്പെട്ടതിന് ശേഷം നിർദ്ദിഷ്ട വ്യക്തി ആറ് മാസത്തിനകം ഇവിടെയെത്തിയില്ലെങ്കിൽ പെർമിറ്റ് റദ്ദാവുന്നതാണ്. തൊഴിലാളി ഇവിടെ എത്തിയാൽ നിശ്ചിത തൊഴിൽ മാത്രമേ ചെയ്യിക്കാൻ സാധിക്കുകയുള്ളൂ. ഇത് പ്രകാരം ഇവിടെ എത്തുന്നവർ ഒരു മാസത്തിനകം തങ്ങളുടെ ഫോട്ടോയും മറ്റും സഹിതം എൽ. എം. ആർ. എയിൽ രജിസ്ററർ ചെയ്യേണ്ടതാണ്.

മററ് തൊഴിലെടുക്കാനോ മതിയായ കാരണമില്ലാതെ 15ദിവസത്തിൽ കൂടുതൽ തൊഴിലിൽ നിന്ന് വിട്ട് നിൽക്കുവാനോ പാടുള്ളതല്ല. രേഖാമൂലം എൽ. എം. ആർ. എയെ അറിയിച്ചതിന് ശേഷം മാത്രമേ തൊഴിലാളിയുടെ പ്രൊഫഷൻ മാററാൻ പാടുള്ളൂ.

ഇങ്ങനെ പുതുതായി മാറ്റുന്ന തൊഴിൽ സ്വദേശിക്ക് സംവരണം ചെയ്യപ്പെട്ടതാവാതിരിക്കുകയും ഇയാൾ ആ തൊഴിലിന് നിയമപരമായും ശാരീരികമായും യോജിച്ചവനുമായിരിക്കണം.